ഓഫീസിലോ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലോ സമർപ്പിക്കാവുന്നതാണ്. ''സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ'' പദ്ധതി പ്രകാരം നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് തദ്ദേശ സ്വയംഭരണാധികാരിയുടെ സർട്ടിഫിക്കറ്റ് എന്നിവയും ഹാജരാക്കേണ്ടതാണ്. പ്രസ്തുത അപേക്ഷ സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറിക്ക് സമർപ്പിക്കാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിലെ 5 സർക്കാർ മെഡിക്കൽ കോളേജുകൾ, ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം, ആർ.സി.സി., തിരുവനന്തപുരം, എസ്.എ.റ്റി. തിരുവനന്തപുരം, ഐ.സി.എച്ച്. കോട്ടയം, ഐ.എം.സി.എച്ച് കോഴിക്കോട്, ഇ.എം.എസ്. സഹകരണ ആശുപത്രി പെരിന്തൽമണ്ണ, സഹകരണ മെഡിക്കൽ കോളേജ് പരിയാരം, സഹകരണ മെഡിക്കൽ കോളേജ് കൊച്ചി, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി എന്നീ ആശുപത്രികളിലെ ചികിത്സയ്ക്ക് ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം അനുവദിക്കുന്നത്. താഴെപ്പറയുന്ന രോഗങ്ങൾക്കും ശസ്ത്രക്രിയകൾക്കുമാണ് ധനസഹായം അനുവദിക്കുന്നത്.

	രോഗത്തിന്റെ പേര്		അനുവദിക്കുന്ന തുക
1.	മസ്തിഷ്ക ശസ്ത്രക്രിയ	-	20,000
2.	ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ	-	20,000
3.	വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ	-	20,000
4.	കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ	-	20,000
5.	തൊറാസിക് ശസ്ത്രക്രിയ	-	20,000
6.	പേസ്മേക്കർ സ്ഥാപിക്കൽ	-	10,000
7.	ആൻജിയോപ്ലാസ്റ്റി	-	10,000
8.	അസ്ഥി സംബന്ധമായ ശസ്ത്രക്രിയ	-	10,000
9.	ക്യാൻസർ	-	10,000
10.	ഡയാലിസിസ്	-	10,000

ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ കാമ്പസ്സും സബ് സെന്ററുകളും

5 (4873) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. റ്റി. എൻ പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ പുതിയ കാമ്പസുകളോ സബ് സെന്ററുകളോ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഒരു പുതിയ കാമ്പസ് വയനാട്ടിൽ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) വയനാട്ടിൽ ഇതിനായി എത്ര ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തു എന്ന് വെളിപ്പെടുത്തുമോ ; ഈ സ്ഥലം ശ്രീചിത്രാ മെഡിക്കൽ സെന്ററിന് കൈമാറിയിട്ടുണ്ടോ ;

(ഡി) ഈ കാമ്പസിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഇ) ഇവിടെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി - ഇ) ഇതിന്റെ ഒരു പുതിയ കാമ്പസ് വയനാട്ടിൽ ആരംഭിക്കുന്നത് സംബന്ധിച്ച് ഒരു പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് വിപുലീകരിക്കുന്നതിന് നടപടി

6 (4874) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവന്തപുരം ആർ.സി.സി.യിൽ എന്ന് മുതലാണ് മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് സ്ഥാപിതമായത് ;

(ബി) ഒരു വർഷം ഈ യൂണിറ്റ് വഴി എത്ര മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ കഴിയും ;

(സി) കൂടുതൽ രോഗികൾക്ക് ആശ്വാസമേകുന്നതിനായി കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി എടുക്കുമോ ?

ഉത്തരം

(എ) ആർ.സി.സി.യിൽ മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് സ്ഥാപിതമായത് 2007-ലാണ്.

(ബി) ഒരു വർഷം ഈ യൂണിറ്റ് വഴി ഏകദേശം 25 രോഗികൾക്ക് ചികിത്സ നടത്താൻ കഴിയും. 2009-10-ൽ 21 രോഗികൾക്ക് മജ്ജ മാറ്റിവയ്ക്കൽ ചികിത്സ നടത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly